LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത സർക്കാർ ഭൂമി ഉപയോഗിക്കാതെയും പാട്ടക്കുടിശ്ശിക അടയ്ക്കാത്തതിന്റെയും അവിടെ സംഘത്തിന്റെ പ്രവർത്തനം നിലച്ചതിന്റെയും അടിസ്ഥാനത്തിൽ 12-8-2009-ലെ WP(C) 29382/2003-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-4-2012-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)179/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സർക്കാർ തിരികെ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഹിന്ദു വനിതാസംഘം 31-10-2014 വരെ 80,79,161 രൂപ പാട്ടക്കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ടതുണ്ട്. ഹൈക്കോടതിയിൽ ഹിന്ദുവനിതാ സംഘം ഫയൽ ചെയ്ത WP(C) No. 24563/12 ഉം 27880/12 നമ്പർ റിട്ട് പെറ്റീഷനുകളിന്മേൽ 10.00 ലക്ഷം രൂപ പാട്ടക്കുടിശ്ശിക അടയ്ക്കാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ പാട്ടക്കുടിശ്ശിക തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. പ്രസ്തുത കേസിൽ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

(സി) ഹിന്ദുവനിതാ സംഘം WP(C) No.28999/12 നമ്പരായി ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണയിലാണ്. ജി.ഒ. (എംഎസ്.) നമ്പർ 190/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് സഹകരണ വകുപ്പിന്റെ ആവശ്യപ്രകാരം കൈമാറി നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ഹിന്ദു വനിതാ സംഘം പ്രവർത്തകർ സഹകരണ ഭവൻ നിർമ്മാണം തടസ്സപ്പെടുത്തുകയും തുടർന്ന് ടി സ്ഥലം ഏറ്റെടുക്കാൻ കഴിയാതെ സഹകരണ വകുപ്പ് പിന്മാറുകയും ചെയ്തു. സഹകരണ വകുപ്പിന് വേറെ ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

നാമനിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്തുവിവരം

216 (1273) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടുക്കി നിയോജക മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. ജോയ്സ് ജോർജ്ജ് നാമനിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്ത് വിവരങ്ങളിൽ ഉൾപ്പെട്ട കോട്ടക്കുമ്പുരിലെ അദ്ദേഹത്തിന്റെ പേരിലുള്ള ഭൂമിയെ സംബന്ധിച്ച വിവാദങ്ങൾ അന്വേഷിക്കുന്നതിന് ഉന്നത സംഘത്തെ ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഈ അന്വേഷണ സംഘത്തിന്റെ പ്രധാന ചുമതല ആർക്കായിരുന്നു എന്നും ഇവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം നിയമലംഘനങ്ങൾ നടന്നതായിട്ടാണ് സൂചന ; ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) കുറിഞ്ഞിമല സാങ്ച്വറിയിലെയും വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെയും സർക്കാർ ഭൂമി കയ്യേറ്റങ്ങളും, അനധികൃത പ്രവർത്തനങ്ങളും സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. നിവേദിത പി. ഹരന്റെ നേതൃത്വത്തിൽ 3-5-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 177/2014/റവ. പ്രകാരം അന്വേഷണ സംഘം രൂപവത്ക്കരിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

കടവന്ത്രഭത്തി റയിൽവേ ബി ക്ലാസ് ഭൂമി

217 (1274) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടവന്ത്രഭത്തി വില്ലേജിൽ റയിൽവേ ബി ക്ലാസ് ഭൂമിയിലെ താമസക്കാർ ഭൂമിയുടെ കൈവശാവകാശം ലഭിക്കണമെന്നാവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 19-ഓളം കുടുംബങ്ങൾ നിലവിൽ ടി സ്ഥലത്ത് താമസിച്ചുവരുന്നു. കൈവശത്തിന് അപേക്ഷിച്ചിട്ടില്ല.

(ബി&സി) ഇല്ല.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

218 (1275) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly